(c) അതാതു കോളനിയിലെ ജോലികൾ അതിലെ അധഃകൃതനിവാസികളെകൊണ്ടു് കഴിയുന്നതും ചെയ്യിക്കണമെന്നാണു് ഗവമ്മെൻറിന്റെ ഉദ്ദേശം.

മിസ്റ്റർ കെ. പി. വള്ളോൻ—അധഃകൃത കോളനികളിലുള്ള ജോലികളെല്ലാം അധഃകൃതർക്കുതന്നെ കൺട്രാക്ടായി തിരുമാച്ചു കിട്ടണമെന്നു് ആവശ്യപ്പെട്ടിട്ടും അവർക്കു കൊടുക്കാതെ മറ്റു സമുദായക്കാർക്കു കൊടുത്തതു ന്യായമാണോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.— കഴിയുന്നതും അധഃകൃതർക്കുതന്നെ കൊടുക്കണമെന്നു് ഗവമ്മെൻറിൽനിന്നു് കല്പനയുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—പക്ഷെ മറ്റു സമുദായക്കാർക്കു മാത്രം കൊടുത്തതായിട്ടാണല്ലൊ പറഞ്ഞിരിക്കുന്നതു്.

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—ഒന്നുമാത്രമെ കൊടുത്തിട്ടുള്ളൂ.

School at Kuttichira.

555. മിസ്റ്റർ കെ. പി. വള്ളോൻ—അധഃകൃത കുട്ടികൾക്കു യാതൊരുവിധത്തിലും വിദ്യാഭ്യാസംചെയ്യാൻ സൌകര്യമില്ലാത്ത കുറ്റിച്ചിറദേശത്തുള്ള മുന്നൂറിൽപരം (൩൦൦) കുട്ടികൾക്കു് വിദ്യാഭ്യാസംചെയ്യാൻ ഒരു അധഃകൃതവിദ്യാലയം ഉണ്ടാക്കി കാലതാമസംവിനാ നടപ്പിൽ വരുത്തുവാൻ ബഹുമാനപ്പെട്ട ഗവമ്മെൻറിനു് ആലോചനയുണ്ടോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—ഗവമ്മെൻറു് ആലോചിക്കുന്നതാണു്.

Water Supply—Depressed Classes.

556. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതർ കൂട്ടമായി താമസിക്കുന്ന സങ്കേതങ്ങളിൽ ജലദൌർല്ലഭ്യം നേരിട്ടിട്ടുള്ള സ്ഥലങ്ങളിൽ കുടിയ്ക്കുവാൻ ശുദ്ധജലം കിട്ടത്തക്കവിധത്തിൽ വേണ്ട ഏർപ്പാടുകൾ കാലതാമസംവിനാ ചെയ്തുകൊടുക്കാതിരിക്കുന്നതെന്തുകൊണ്ടാകുന്നു?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—ജലദൌർല്ലഭ്യമുള്ളതായി ഗവമ്മെൻറിനു ബോദ്ധ്യപ്പെടുന്ന സ്ഥലങ്ങളിൽ കൊല്ലംതോറും ഗവമ്മെൻറിന്റെ ധനസ്ഥിതിക്കനുസരിച്ചു് കിണറുകളും മറ്റും ഉണ്ടാക്കി കൊടുക്കുന്നുണ്ടു്.

557. മിസ്റ്റർ കെ. പി. വള്ളോൻ.—കിണറുകൾ കുത്തിയ്ക്കുവാൻ സൌകര്യമുള്ള സ്ഥലങ്ങളിൽ എല്ലായിടത്തും കിണറുകളും, വിശേഷിച്ചു പനമ്പുകാടു്, വല്ലാർപാടം, നെടുങ്ങാടു് വലിയവട്ടം എന്നീദേശങ്ങളിൽ ടാങ്കുകളും ഉണ്ടാക്കി ശുദ്ധജലം ശേഖരിച്ചുകൊടുത്തു് ജനങ്ങളെ രക്ഷിക്കുവാൻവേണ്ട ഏർപ്പാടുകൾ ചെയ്യാത്തതു് എന്തുകൊണ്ടാണു്?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—കിണറുകൾ അത്യാവശ്യമെന്നു തോന്നുന്ന പലയിടങ്ങളിലും കിണറുകൾകുത്തി ജലസൌകര്യങ്ങൾ ഉണ്ടാക്കിവരുന്നുണ്ടു്. ടാങ്കുകൾ ഉണ്ടാക്കി ജലശേഖരം

LIBRARY ARCHIVES Kerala Legislative Assembly